"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വിക്രം ദാസിന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെലവഴിച്ച തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.103/2024/F&WLD തീയതി,തിരുവനന്തപുരം, 26-02-2024.

പരാമർശം:- 1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.02.2023 ലെ എച്ച്2/1301/2023 നമ്പർ കത്ത്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.10.2022 ലെ (എൽ.ഡിസ്) എം.ആർ3/11167/2022/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിൽ ജോലി ചെയ്യുന്ന ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വിക്രം ദാസ്, ഭാര്യയുടെ ചികിത്സയ്ക്കായി കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ ചെലവഴിച്ച തുക പ്രതിപൂരണം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം ശിപാർശ സഹിതം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ, പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. വിക്രം ദാസ് - ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് 10.05.2021 മുതൽ 22.11.2021 വരെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 3,64,591/- രൂപയുടെ 80 ശതമാനമായ 2,91,673/- രൂപ (രണ്ടു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി അറുനൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. വിക്രം ദാസ്, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (13.02.2024 ലെ 2380441/എൽ1/103/2023/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 27-02-2024 09:52:24